**Endt. on IFS I –7999/2018 Dated: 20.12.2024.**

Copy of the G.O (Rt.) No.44/2024/F&WLD dated 12.12.2024 is forwarded to:-

(1) The Principal Chief Conservator of Forests (Wildlife) & Chief Wildlife Warden for information and necessary action

(2) The Chief Conservator of Forests (IT) for uploading in the Departmental Website.

**Head of Forest Force**
**Kerala**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെയും പുത്തൂർ സുവോളജിക്കൽ പാർക്കിന്റെയും സ്പെഷ്യൽ ഓഫീസർ തസ്തികയിൽ, ശ്രീ. കെ.ജെ. വർഗീസ് ഐ.എഫ്.എസ്(Rtd)-ന്റെ നിയമന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.44/2024/F&WLD തീയതി,തിരുവനന്തപുരം, 12-12-2024

---

പരാമർശം:-
1. 14/02/2018 ലെ സ.ഉ(കൈ) 4/2018/വനം നം.ഉത്തരവ്
2. 16/02/2023 ലെ സ.ഉ(കൈ) 4/2023/വനം നം.ഉത്തരവ്
3. 29/02/2024 ലെ സ.ഉ(കൈ) 11/2024/വനം നം.ഉത്തരവ്
4. ശ്രീ.കെ.ജെ.വർഗീസ് ഐ.എഫ്.എസ്(റിട്ട.)-ന്റെ 06/09/2024 ലെ Special Officer 2/18 നം.കത്ത്.

**ഉത്തരവ്**

കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റേയും പുത്തൂർ സുവോളജിക്കൽ പാർക്കിന്റേയും, സ്പെഷ്യൽ ഓഫീസർ ആയി വനം വകുപ്പ് മുൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആയിരുന്ന ശ്രീ.കെ.ജെ വർഗീസിനെ പരാമർശം(1)-ലെ ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു. ടിയാന്റെ സേവനം അനിവാര്യമായിരുന്നതിനാൽ സ്പെഷ്യൽ ഓഫിസറുടെ നിയമന കാലാവധി 31-12-2023-വരെ ദീർഘിപ്പിച്ചുകൊണ്ടും സ്പെഷ്യൽ ഓഫീസറുടെ ആദ്യ നിയമനം മുതൽ ഒരു വർഷത്തിന് ശേഷം സേവനത്തിൽ തുടർന്ന ടിയാന്റെ നടപടി സാധൂകരിച്ചുകൊണ്ടും പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടിയാന്റെ നിയമന കാലാവധി 01.01.2024 മുതൽ 2024 സെപ്തംബർ 30 വരെ അല്ലെങ്കിൽ പരാമർശ രണ്ടു പദ്ധതികളുടെയും ഉദ്ഘാടനം കഴിയുന്നതുവരെ, ഏതാണോ ആദ്യം, അതുവരെ ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (3) പ്രകാരവും ഉത്തരവായിരുന്നു.

2. കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിലെ പ്രധാനപ്പെട്ട എല്ലാ നിർമ്മാണ പ്രവൃത്തികളും 30.09.2024-നുള്ളിൽ പൂർത്തിയാകുമെന്നും എന്നാൽ പുത്തൂർ സുവോളജിക്കൽ പാർക്കിലെ നിർമ്മാണ പ്രവൃത്തികൾക്ക് 6 മാസം കൂടി വേണ്ടിവരുമെന്നും ,അതേ സമയം സ്പെഷ്യൽ ഓഫീസറുടെ നിയമനകാലാവധി 30.09.2024-ന് അവസാനിക്കുന്നമെന്നും, ആയതിനാൽ, പ്രസ്തുത രണ്ട് പദ്ധതികളും കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നത് വരെ സ്പെഷ്യൽ ഓഫീസറുടെ ഓഫീസ് തുടരുന്നത് സംബന്ധിച്ച് സർക്കാർ അനുയോജ്യമായ തീരുമാനം കൈക്കൊള്ളണമെന്നും

സ്പെഷ്യൽ ഓഫീസർ പരാമർശം(4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെയും തൃശ്ശൂർ ജില്ലയിലെ പുത്തൂർ സുവോളജിക്കൽ പാർക്കിന്റെയും സ്പെഷ്യൽ ഓഫീസർ തസ്തികയിൽ ശ്രീ. കെ. ജെ. വർഗ്ഗീസ് IFS (റിട്ട)-ന്റെ നിയമന കാലാവധി 2025 ആഗസ്റ്റ് വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ& ഹോഫ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
ശ്രീ. കെ. ജെ. വർഗീസ് IFS (റിട്ട), സ്പെഷ്യൽ ഓഫീസർ, കോട്ടൂർ ആന പുനരധിവാസ കേന്ദ്രം & പുത്തൂർ സുവോളജിക്കൽ പാർക്ക്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുഭരണ(എസ്.സി) വകുപ്പ് (11/12/2024 തീയതിയിലെ ഇനം നം.2557 പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Suja S K
Date: 13-12-2024 11:33:03
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്